ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 19.12.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) സംസ്ഥാനങ്ങളിലെ **PSC** ചെയർപേഴ്സൺമാരുടെ ദേശീയ സമ്മേളനം രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് ഹൈദരാബാദിൽ ഉദ്ഘാടനം ചെയ്യും.

**President Droupadi Murmu to Inaugurate National Conference of State PSC Chairpersons in Hyderabad Today.**

2) ലോകാരോഗ്യ സംഘടനയുടെ പരമ്പരാഗത വൈദ്യശാസ്ത്ര ആഗോള ഉച്ചകോടിയുടെ സമാപന സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും.

**Prime Minister Narendra Modi to Attend Closing Session of WHO Global Summit on Traditional Medicine Today.**

3) വികസിത് ഭാരത് - റോസ്ഗാർ ആജീവിക മിഷൻ ബിൽ, ആണവോർജ്ജ വിനിയോഗ ബിൽ എന്നിവ പാസാക്കി പാർലമെന്റ്. സ്വാഗതം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി.

**Parliament passes Viksit Bharat – Guarantee for Rozgar and Ajeevika Mission (Gramin) Bill and Sustainable Harnessing and Advancement of Nuclear**

**Energy for Transforming India (SHANTI) Bill; PM Narendra Modi Welcomes the Move.**

4) വ്യാപാര ബന്ധം ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ടുള്ള സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാറിൽ ഒപ്പുവെച്ച് ഇന്ത്യയും ഒമാനും.

**India and Oman ink Comprehensive Economic Partnership Agreement to deepen trade ties between two countries.**

5) കേരളത്തിൽ തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണവുമായി ബന്ധപ്പെട്ട എന്യൂമറേഷൻ ഫോമുകളുടെ ഡിജിറ്റൈസേഷൻ നൂറു ശതമാനം പൂർത്തിയായി.

**Kerala Completes 100% Digitization of Enumeration Forms for Special Intensive Revision.**

6) ദുബായിൽ നടന്ന റോൾ ബോൾ ലോക ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ പുരുഷ, വനിതാ ടീമുകൾക്ക് കിരീടം.

**India's Men's and Women's Teams Clinch Titles at Roll Ball World Championship in Dubai.**

☸☸☸☸☸☸☸☸☸☸☸☸☸

## PREZ – CONFERENCE

രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് ഹൈദരാബാദിൽ, സംസ്ഥാന പബ്ലിക് സർവീസ് കമ്മീഷൻ ചെയർ പേഴ്സൺമാരുടെ രണ്ട് ദിവസത്തെ ദേശീയ സമ്മേളനം ഉദ്ഘാടനം ചെയ്യും. രാജ്യത്തുടനീളമുള്ള സംസ്ഥാന പിഎസ്സി ചെയർപേഴ്സൺമാരും മുതിർന്ന ഉദ്യോഗസ്ഥരും പങ്കെടുക്കും. തെലങ്കാന ഗവർണർ ജിഷ്ണു ദേവ് വർമ്മ, മുഖ്യമന്ത്രി രേവന്ത് റെഡ്ഡി, യുപിഎസ്സി

ചെയർമാൻ അജയ് കുമാർ എന്നിവരും ചടങ്ങിൽ സന്നിഹിതരായിരിക്കും.

## PM-WHO SUMMIT

പരമ്പരാഗത ചികിത്സാ സമ്പ്രദായങ്ങളുമായി ബന്ധപ്പെട്ട് ലോകാരോഗ്യ സംഘടനയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന രണ്ടാമത് ആഗോള ഉച്ചകോടിയുടെ സമാപന സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും. ന്യൂഡൽഹിയിൽ നടക്കുന്ന ചടങ്ങിൽ ആയുഷ് മേഖലയ്ക്കുള്ള ഡിജിറ്റൽ പോർട്ടലായ മൈ ആയുഷ് ഇന്റഗ്രേറ്റഡ് സർവീസസ് പോർട്ടൽ ഉൾപ്പെടെ നിരവധി സുപ്രധാന സംരംഭങ്ങൾക്ക് പ്രധാനമന്ത്രി തുടക്കം കുറിക്കും. ആയുഷ് ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും ഗുണനിലവാരത്തിനായി ആഗോള തലത്തിൽ വിഭാവനം ചെയ്ത ആയുഷ് മാർക്ക് അദ്ദേഹം പുറത്തിറക്കും.

## VB G-RAM-G BILL(INTRO)

വികസിത് ഭാരത്- ഗ്യാരൻറി ഫോർ റോസ്ഗാർ ആൻഡ് ആജീവിക മിഷൻ ഗ്രാമീൺ ബിൽ 2025 പാർലമെന്റ് പാസാക്കി. ലോക്സഭ നേരത്തെ പാസാക്കിയ ബില്ലിന് ഇന്നലെ രാജ്യസഭയും അംഗീകാരം നൽകുകയായിരുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന് പകരമാണ് കേന്ദ്രസർക്കാർ പുതിയ ബിൽ കൊണ്ടുവന്നത്. ഗ്രാമങ്ങളുടെ വികസനമില്ലാതെ രാഷ്ട്ര വികസനം സാധ്യമല്ലെന്ന് രാജ്യസഭയിൽ ചർച്ചയ്ക്ക് മറുപടി

നൽകിക്കൊണ്ട് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിങ്ങ് ചൗഹാൻ പറഞ്ഞു.

**( വോയിസ്....)**

അതേസമയം, ബില്ലിനെ നിസ്സാരമായി കാണരുതെന്നും ബിൽ സെലക്ട് കമ്മിറ്റിക്ക് വിടണമെന്നും കോൺഗ്രസ് എംപി മല്ലികാർജ്ജുൻ ഖർഗെ ആവശ്യപ്പെട്ടു. ബിൽ അവതരിപ്പിക്കുന്നതിന് മുമ്പ് സംസ്ഥാനങ്ങളുമായി വിശദമായ കൂടിയാലോചനകൾ നടത്താത്തത് എന്തുകൊണ്ടാണെന്ന് ടിഎംസി അംഗം ഋതബ്രത ബാനർജി ചോദ്യമുന്നയിച്ചു. ഗ്രാമപ്രദേശങ്ങളിലെ ജനങ്ങൾ ബില്ലിൽ ആവേശഭരിതരാണെന്ന് ബിജെപി എംപി ആദിത്യ പ്രസാദ് പറഞ്ഞു. പാർലമെൻറിൻറെ ശൈത്യകാലസമ്മേളനത്തിന് ഇന്ന് സമാപനമാകും.

☸☸☸☸☸☸☸☸☸☸☸☸☸

## PM-SHANTI BILL

പാർലമെന്റിൽ ആണവോർജ്ജ വിനിയോഗ ബിൽ പാസാക്കിയതിനെ സ്വാഗതം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യയുടെ സാങ്കേതിക മേഖലയിൽ പരിവർത്തനത്തിന്റെ നിമിഷമാണിതെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. ബിൽ സ്വകാര്യ മേഖലയിൽ ഉൾപ്പടെ, യുവ ജനങ്ങൾക്ക് നിരവധി തൊഴിൽ അവസരങ്ങൾ തുറക്കുമെന്നും ശ്രീ മോദി പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸☸

## PM-OMAN VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഒമാൻ, എത്യോപ്യ, ജോർദാൻ സന്ദർശനത്തിന് സമാപനം. ഒമാൻ സന്ദർശന

വേളയിൽ, പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെയും ഒമാൻ സുൽത്താൻറെയും സാന്നിധ്യത്തിൽ ഇന്ത്യയും ഒമാനും സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാറിൽ ഒപ്പുവച്ചു. വിവിധ മേഖലകളിൽ ആറ് കരാറുകളിലും ധാരണാപത്രങ്ങളിലും ഇരു രാജ്യങ്ങളും ഒപ്പുവച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

## PM-ETHIOPIA-REAX

ആഫ്രിക്കൻ രാഷ്ട്രമായ എത്യോപ്യയിലേക്കുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സന്ദർശന വേളയിൽ ഒപ്പുവച്ചത് എട്ട് ധാരണാപത്രങ്ങളിൽ. ഇന്ത്യ - എത്യോപ്യ ഉഭയകക്ഷി ബന്ധത്തെ തന്ത്രപര പങ്കാളിത്തത്തിലേക്ക് ഉയർത്തി. എത്യോപ്യയിലെ സ്ത്രീകൾക്ക് ഏറെ ഗുണകരമായ കരാറുകളും ഒപ്പുവച്ചതായി എത്യോപ്യയുടെ വനിതാ, സാമൂഹ്യ ക്ഷേമ മന്ത്രി ആകാശവാണി വാർത്തകളോട് പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸☸

## PRADHAN AI MEET

വിദ്യാഭ്യാസ മേഖലയിലെ വെല്ലുവിളികൾ നേരിടുന്നതിൽ നിർമ്മിത ബുദ്ധിക്ക് സുപ്രധാന സ്ഥാനമാണുള്ളതെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ. അധ്യാപനത്തിലും പഠനത്തിലും നിർമ്മിത ബുദ്ധിയുടെ ഉപയോഗത്തെക്കുറിച്ച് ന്യൂഡൽഹിയിൽ നടക്കുന്ന യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. 2020 ലെ ദേശീയ വിദ്യാഭ്യാസ നയവുമായി നിർമ്മിത ബുദ്ധിയെ കാര്യക്ഷമമായി സംയോജിപ്പിക്കുന്ന പ്രവർത്തനങ്ങൾ ചർച്ചയായി.

## SIR-SC

തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിലെ സമയപരിധി നീട്ടണമെന്ന കേരളത്തിൻറെ ആവശ്യം അനുഭാവപൂർവം പരിഗണിക്കണമെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന് സുപ്രീം കോടതി നിർദേശം. കേരളം, ഉത്തർപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലെ സാഹചര്യങ്ങൾ കണക്കിലെടുത്ത് തീരുമാനമെടുക്കാനാണ് കോടതി നിർദേശം. ഹർജി ജനുവരി 6-ന് സുപ്രീംകോടതി വീണ്ടും പരിഗണിക്കും.

## RATAN U KHELKAR

കേരളത്തിൽ തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് എന്യൂമറേഷൻ ഫോമുകളുടെ ഡിജിറ്റൈസേഷൻ നൂറു ശതമാനം പൂർത്തിയായി. എന്യൂമറേഷൻ ഫോമുകളുടെ ശേഖരണം ഇന്നലെ അവസാനിച്ചു. കരട് വോട്ടർ പട്ടികയിൽ സ്വന്തം പേരുണ്ടോയെന്ന് സമ്മതിദായകർ പരിശോധിക്കണമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർ രത്തൻ യു കേൽക്കർ അഭ്യർത്ഥിച്ചു.

## LSG - SWEARING IN

തദ്ദേശ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ ഞായറാഴ്ച നടക്കും. ജില്ലാ പഞ്ചായത്തുകളിലും കോർപറേഷനുകളിലും ജില്ലാ കളക്ടർമാരുടേയും, ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും വരണാധികാരികളുടേയും മുൻപാകെ

മുതിർന്ന അംഗമാണ് ആദ്യം സത്യ പ്രതിജ്ഞ ചെയ്യുന്നത്. അധ്യക്ഷ- ഉപാധ്യക്ഷ സ്ഥാനത്തേക്കുളള തിരഞ്ഞെടുപ്പ് ഈ മാസം 26, 27 തീയതികളിൽ നടക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## LABOUR CONCLAVE

സംസ്ഥാന സർക്കാരിൻറെ 'ലേബർ കോൺക്ലേവ് 2025' ന് ഇന്ന് തിരുവനന്തപുരത്ത് തുടക്കം. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കേന്ദ്ര സർക്കാർ കൊണ്ടുവന്ന പുതിയ തൊഴിൽ നിയമങ്ങൾ കോൺക്ലേവ് ചർച്ച ചെയ്യും. സുപ്രീം കോടതി മുൻ ജഡ്ജിമാർ, അഡ്വക്കറ്റ് ജനറൽ, ദേശീയ-സംസ്ഥാന ട്രേഡ് യൂണിയൻ നേതാക്കൾ, നിയമവിദഗ്ധർ, എന്നിവർ പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## VP-CHRISTMAS (VOICE)

കാത്തലിക് ബിഷപ്പ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ ഇന്നലെ ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ക്രിസ്മസ് ആഘോഷങ്ങളിൽ ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ പങ്കെടുത്തു. സമാധാനം, കാരുണ്യം, വിനയം, മാനവികതയ്ക്കുള്ള സേവനം എന്നീ കാലാതീതമായ മൂല്യങ്ങളെ ക്രിസ്മസ് ഓർമിപ്പിക്കുന്നതായി ഉപരാഷ്ട്രപതി പറഞ്ഞു. 2047 ഓടെ വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് എല്ലാവരും ക്രിയാത്മകമായി സംഭാവന ചെയ്യണമെന്നും ഉപരാഷ്ട്രപതി ആഹ്വാനം ചെയ്തു.

( വോയിസ്....)

❁❁❁❁❁❁❁❁❁❁❁❁❁

## RAILWAY- SPECIAL TRAINS

ക്രിസ്മസ്, പുതുവത്സര സീസണുകളിലെ യാത്രക്കാരുടെ തിരക്ക് കണക്കിലെടുത്ത് ഇന്ത്യൻ റെയിൽവേ ഒമ്പത് സോണുകളിലായി 138 പ്രത്യേക ട്രെയിനുകൾ സർവീസ് നടത്തും. അംഗീകാരം ലഭിച്ച 650 ട്രിപ്പുകളിൽ 244 ട്രിപ്പുകൾ പ്രഖ്യാപിച്ചിട്ടുണ്ടെന്ന് റെയിൽവേ മന്ത്രാലയം അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## IFFK (INTRO)

മുപ്പതാമത് രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് ഇന്ന് തിരുവനന്തപുരത്ത് തിരശീല വീഴും. പ്രേക്ഷകരുടെ അവാർഡിനായുള്ള വോട്ടിങ് ഇന്ന് ഉച്ചയ്ക്ക് പന്ത്രണ്ടു മണി വരെ രേഖപ്പെടുത്താം. കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.
(വോയ്സ്)

❁❁❁❁❁❁❁❁❁❁❁❁❁

## Roll Ball World Cup

ദുബായിൽ നടന്ന റോൾ ബോൾ ലോക ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ പുരുഷ, വനിതാ ടീമുകൾക്ക് കിരീടം. നിലവിലെ ചാമ്പ്യന്മാരായ കെനിയയെ പരാജയപ്പെടുത്തിയാണ് ഇരു ടീമുകളും ലോക ചാമ്പ്യന്മാരായത്. ഇന്ത്യൻ വനിതാ ടീമിന്റെ മൂന്നാം കിരീടമാണ് ഇത്.

❁❁❁❁❁❁❁❁❁❁❁❁❁

## INDIA - SA - T-20

ഇന്ത്യ- ദക്ഷിണാഫ്രിക്ക ട്വന്റി 20 പരമ്പരയിലെ അഞ്ചാമത്തെയും അവസാനത്തെയും മത്സരം ഇന്ന് അഹമ്മദാബാദിൽ നടക്കും. നാലാം മത്സരം കനത്ത

മൂടൽമഞ്ഞിനെ തുടർന്ന് ഉപേക്ഷിച്ചിരുന്നു. പരമ്പരയിൽ ഇന്ത്യ 2-1 ന് മുന്നിലാണ്.

## IMD-WEATHER

ഉത്തർപ്രദേശിലും ബീഹാറിലും ഇന്ന് കനത്ത മൂടൽമഞ്ഞിന് സാധ്യതയുള്ളതിനാൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. പഞ്ചാബ്, ഹരിയാന, ചണ്ഡീഗഡ്, ഉത്തരാഖണ്ഡ്, വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിലും മൂടൽമഞ്ഞ് അനുഭവപ്പെടും. അതേസമയം, ഡൽഹിയിലെ വായു ഗുണനിലവാരം വളരെ മോശം വിഭാഗത്തിൽ തുടരുന്നു.

## CAQM- REVIEW MEET

ഡൽഹിയിലുടനീളമുള്ള മുനിസിപ്പൽ ഖരമാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങൾ എയർ ക്വാളിറ്റി മാനേജ്മെന്റ് കമ്മീഷൻ അവലോകനം ചെയ്തു. തുറസ്സായ സ്ഥലത്ത് കത്തിക്കുന്നത് തടയുക, മാലിന്യ സംസ്കരണ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ വിലയിരുത്തി.